# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5294 27.07.2015 -ൽ മറുപടിക്ക്**

## പാലം നിർമ്മാണത്തിന്റെ പുഴയിൽ നിക്ഷേപിച്ച മണ്ണ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. റ്റി.വി.രാജേഷ്** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) പാലം നിർമ്മാണത്തിന്റെ ഭാഗമായി പുഴകളിൽ നിക്ഷേപിക്കുന്ന മണ്ണ് പാലത്തിന്റെ നിർമ്മാണം പൂർത്തിയായാലും നീക്കം ചെയ്യാത്തതിനാൽ പുഴകളിൽ മത്സ്യസമ്പത്തിനുണ്ടാകുന്ന കുറവും പാരിസ്ഥിതിക പ്രശ്നവും കണക്കിലെടുത്ത് ഈ പ്രശ്നത്തിന് എന്തൊക്കെ പരിഹാരങ്ങളാണ് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; | (എ) പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് താൽക്കാലിക ബണ്ട് നിർമ്മാണത്തിന് പുഴയിൽ നിക്ഷേപിക്കുന്ന മണ്ണ് പാലം പണി പൂർത്തിയാകുന്നതോടെ കരാറുകാരെ കൊണ്ടു തന്നെ നീക്കുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചു വരുന്നത്. |
| (ബി) കണ്ണൂർ ജില്ലയിലെ മാട്ടൂൽ - മടക്കര പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിക്ഷേപിച്ച മണ്ണ് നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) കണ്ണൂർ ജില്ലയിലെ മാട്ടൂൽ മടക്കര പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പുഴയിൽ നിക്ഷേപിച്ച മണ്ണിന്റെ ഭൂരിഭാഗവും നേരത്തെ തന്നെ നീക്കം ചെയ്തിട്ടുണ്ട്. ചെളിയിൽ പുതഞ്ഞു കിടക്കുന്ന ശേഷിച്ച മണ്ണ് നീക്കം ചെയ്യുന്നതിന് കരാറുകാരായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

Sabitha

സെക്ഷൻ ഓഫീസർ